**<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

**<u>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.</u>**

**<u>(ഹാജർ: ബീന പി എസ്)</u>**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം -ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേക്ക് റേഷ്യോ പ്രകാരമുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം :- 1) സർക്കാർ ഉത്തരവ് (പി) നമ്പർ 7/16/fin തീയതി 20/01/2016

2) സർക്കാർ ഉത്തരവ് (പി) നമ്പർ 27/21/fin തീയതി 10/02/2021

3) ഉത്തരവ് നമ്പർ ADFW/5826/2022-SA2 തീയതി 13/12/2023

**<u>ഉത്തരവ് നമ്പർ ADFW/5826/2022-SA2 തീയതി . 08-11-2024</u>**

ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഹയർ ഗ്രേഡ് അനുപാതം 33% ആയി നിശ്ചയിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം 134 ജൂനിയർ സൂപ്രണ്ട് തസ്തികയുള്ള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 44 ജൂനിയർ സൂപ്രണ്ടുമാർക്ക് ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്. എന്നാൽ വകുപ്പിൽ നിലവിൽ ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ 44 പേർ ഇല്ല എന്ന നിരവധി പരാതി ലഭിച്ച സാഹചര്യത്തിൽ വിഷയം വിശദമായി പരിശോധിക്കുകയും വകുപ്പിൽ നിലവിൽ 39 പേർ മാത്രമാണ് ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് ആയിട്ടുള്ളത് എന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ 5 ജൂനിയർ സൂപ്രണ്ടുമാർക്ക് കൂടി നിലവിൽ ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ് എന്ന് വ്യക്തമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഏറ്റവും സീനിയർ ആയിട്ടുള്ള 5 പേർക്ക് സീനിയോറിറ്റി ക്രമത്തിൽ പരാമർശം 2 സർക്കാർ ഉത്തരവിന് വിധേയമായി പരാമർശം 3 പ്രകാരം അവസാനം ഹയർ ഗ്രേഡ് അനുവദിച്ച തീയതിയായ 07/08/2023 പ്രാബല്യത്തിൽ 50200- 105300 രൂപ ശമ്പള സ്കെയിലിൽ ചുവടെ ചേർക്കും പ്രകാരം ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചും ആയത് പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചവരുടെ തസ്തിക താത്കാലികമായി ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് ആയി ഉയർത്തിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഹയർ ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്ന ജൂനിയർ സൂപ്രണ്ടിന്റെ പേര്/ നിലവിലെ ഓഫീസ് | ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേക്കുള്ള ഉദ്യോഗകയറ്റ പ്രാബല്യ തീയതി |
|---|---|---|
| 1 | ശ്രീമതി ദിവ്യ കെ പിള്ള<br>പ്രിൻസിപ്പൽ കൃഷി ഓഫീസ് ആലപ്പുഴ<br>PEN-494193 | 07/08/2023 |
| 2 | ശ്രീ രാധാകൃഷ്ണൻ ഇ കെ<br>പ്രിൻസിപ്പൽ കൃഷി ഓഫീസ് തൃശ്ശൂർ<br>PEN-356481 | 07/08/2023 |
| 3 | ശ്രീ വേണുഗോപാലൻ എ കെ<br>പ്രിൻസിപ്പൽ കൃഷി ഓഫീസ് പാലക്കാട്<br>PEN-356455 | 07/08/2023 |
| 4 | ശ്രീമതി രമ പി,<br>കൃഷി ഡയറക്ട്രേറ്റ്<br>PEN-182607 | 07/08/2023 |

| | | |
|---|---|---|
| 5 | ശ്രീമതി രജനി സി വി<br>പ്രിൻസിപ്പൽ കൃഷി ഓഫീസ് ആലപ്പുഴ<br>PEN-337878 | 07/08/2023 |

മേൽ പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചവർക്ക് കെ എസ് ആർ പാർട്ട് 1 റൂൾ 28A പ്രകാരം ശമ്പള നിർണയം നടത്തുന്നതിനും കുടിശിക കൈപ്പറ്റുന്നതിനും അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ച തീയതിയിലോ അതിനു മുൻപോ 27 വർഷത്തെ ഹയർ ഗ്രേഡ് (സീനിയർ സൂപ്രണ്ടിന്റെ സ്കെയിലിൽ) ലഭിച്ചിട്ടുള്ളവർക്ക് ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ ശമ്പള നിർണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

മേൽ പ്രസ്താവിച്ച ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം താത്കാലികവും സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി സംബന്ധിച്ചിട്ടുള്ള സമാന കേസുകളിൽ പുറപ്പെടുവിച്ചിട്ടുള്ള അന്തിമവിധിയുടെ അടിസ്ഥാനത്തിലുള്ള സർക്കാർ തീരുമാനത്തിനും ഉത്തരവുകൾക്കും വിധേയവുമായിരിക്കും

ഈ ഉത്തരവ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്

Signed by
P S Beena
Date: 08-11-2024 17:00:40

BEENA P S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഓഫീസിൽ മേലധികാരി മുഖേനെ)

(റേഷ്യോ പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥർ യഥാവിധി ആവശ്യമായ ഡിക്ലറേഷൻ സമർപ്പിക്കേണ്ടതാണ്)

<u>പകർപ്പ്</u>

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും

(ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഡിക്ലറേഷൻ ലഭ്യമായതിനു ശേഷം മാത്രമേ റേഷ്യോ പ്രൊമോഷന് ആനുപാതികമായ ശമ്പള നിർണ്ണയം നടത്തേണ്ടതുള്ളൂ)

2) <u>ഡെപ്യൂട്ടി ഡയറക്ടർ ഐ റ്റി സെൽ</u>

വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്